<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106</u> <u>19-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാത്ത സാഹചര്യം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഹൈക്കോടതിയുടെ വൺ എർത്ത് വൺ ലൈഫ് കേസിലെ വിധിയെത്തുടർന്ന് നിരവധി പേർക്ക് പട്ടയം ലഭിക്കാത്ത സാഹചര്യമുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് 'One Earth One life' എന്ന സംഘടന ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10.01.2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ 1964-ന് മുമ്പ് ഭൂമി കൈവശത്തിലാണ് എന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലായെന്നും 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ച്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ പ്രാബല്യതീയതിയ്ക്ക് ശേഷമുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നത് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെ പട്ടയം ലഭിച്ചവരെ ഈ നിർദ്ദേശം നിലവിൽ ബാധിക്കുന്നതല്ല. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തുന്നതിനായി ഇൻസ്ട്രക്ഷൻസ് തയ്യാറാക്കി അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറൽ അഫിഡവിറ്റ് തയ്യാറാക്കി 12/06/2024-ന് സർക്കാരിൽ സമർപ്പിക്കുകയും ആയത് ചീഫ് സെക്രട്ടറി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നേരിടുന്ന തടസ്സം ഒഴിവാക്കി |

| | | | |
|---|---|---|---|
| | | | പട്ടയം നൽകുന്നതിനുള്ള അനുഭാവപൂർവ്വമുള്ള നടപടി സ്വീകരിച്ച് വരികയാണ്. |
| (ബി) | എങ്കിൽ അത് പരിഹരിക്കാൻ നടത്തിയ ഇടപെടലുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് 'One Earth One life' എന്ന സംഘടന ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10.01.2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ 1964-ന് മുമ്പ് ഭൂമി കൈവശത്തിലാണ് എന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലായെന്നും 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ച്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ പ്രാബല്യതീയതിയ്ക്ക് ശേഷമുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നത് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെ പട്ടയം ലഭിച്ചവരെ ഈ നിർദ്ദേശം നിലവിൽ ബാധിക്കുന്നതല്ല. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തുന്നതിനായി ഇൻസ്ട്രക്ഷൻസ് തയ്യാറാക്കി അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറൽ അഫിഡവിറ്റ് തയ്യാറാക്കി 12/06/2024-ന് സർക്കാരിൽ സമർപ്പിക്കുകയും ആയത് ചീഫ് സെക്രട്ടറി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നേരിടുന്ന തടസ്സം ഒഴിവാക്കി പട്ടയം നൽകുന്നതിനുള്ള അനുഭാവപൂർവ്വമുള്ള നടപടി സ്വീകരിച്ച് വരികയാണ്. |
| (സി) | കൈവശഭൂമിയുടെ പട്ടയം നിഷേധിക്കപ്പെട്ടവർക്ക് പട്ടയം ലഭ്യമാക്കാൻ അനുഭാവപൂർവമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് 'One Earth One life' എന്ന സംഘടന ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10.01.2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ 1964-ന് മുമ്പ് ഭൂമി കൈവശത്തിലാണ് എന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലായെന്നും 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് ചീഫ് |

| | | | |
|---|---|---|---|
| | | | സെക്രട്ടറിയോട് നിർദ്ദേശിച്ച്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ പ്രാബല്യതീയതിയ്ക്ക് ശേഷമുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നത് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെ പട്ടയം ലഭിച്ചവരെ ഈ നിർദ്ദേശം നിലവിൽ ബാധിക്കുന്നതല്ല. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തുന്നതിനായി ഇൻസ്ട്രക്ഷൻസ് തയ്യാറാക്കി അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറൽ അഫിഡവിറ്റ് തയ്യാറാക്കി 12/06/2024-ന് സർക്കാരിൽ സമർപ്പിക്കുകയും ആയത് ചീഫ് സെക്രട്ടറി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നേരിടുന്ന തടസ്സം ഒഴിവാക്കി പട്ടയം നൽകുന്നതിനുള്ള അനുഭാവപൂർവ്വമുള്ള നടപടി സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ